പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2819 — 13.03.2020-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭേദഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്ന 2008 ആഗസ്റ്റ് 12-ന് ശേഷം നിലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിനായി അത് പരിവർത്തനം ചെയ്ത് അനുമതി നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ബഹു.കേരള ഹൈക്കോടതിയുടെ 6/6/2017 ലെ ഡബ്ല്യൂ.പി.(സി)-3466/17 നമ്പർ കേസിലെ വിധിന്യായത്തിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നശേഷം നെൽവയലിന്റെ ഉടമസ്ഥരായവർക്ക് ആക്ട് 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. അതിനാൽ ഇപ്രകാരമുള്ള നെൽവയലിന്റെ ഉടമസ്ഥർക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകാൻ നിർവ്വാഹമില്ലാത്തതാണ്. ഈ സാഹചര്യത്തിൽ 12/08/2008 ന് ശേഷം നിലം (നെൽവയൽ) വാങ്ങിയവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/ പരിവർത്തനത്തിന് അനുമതി നൽകേണ്ടതില്ലെന്ന് 17/02/2020-ലെ Rev-P1/248/2019-Rev നമ്പർ ആയി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് 2017-ൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമത്തിലെന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2017-ൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമഭേദഗതികൾ ഒന്നും തന്നെ വരുത്തിയിട്ടില്ലാത്തതാണ്. |
| (സി) റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് 1990 കളിലും അതിന് മുമ്പും സർക്കാർ അനുമതിയോടെ പണിത വീടുകൾ ഉപയോഗ ശൂന്യമായാൽ അതിന്റെ പുനർനിർമ്മാണത്തിന് അനുമതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥ എന്താണ് എന്നറിയിക്കാമോ? | (സി) | റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' എന്ന വിഭാഗത്തിൽ ഉൾപ്പെട്ടു വരുന്നു. ഇപ്രകാരമുള്ള ഭൂമിയിൽ വീടു വയ്ക്കുന്നതിന്/ പുനർനിർമ്മാണത്തിന് ആഗ്രഹിക്കുന്ന പക്ഷം, റവന്യൂ ഡിവിഷണൽ ആഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്. കൂടാതെ 2008-ന് മുൻപ് നികത്തിയതോ നികന്നു കിടക്കുന്നതോ ആയതും |

ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നിലവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുകയോ, ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചു നീക്കുകയോ ചെയ്യുന്നിടത്ത് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനും, നിലവിലുള്ള കെട്ടിടം ക്രമവൽക്കരിച്ചു നൽകുന്നതിനും പുതുക്കിവയ്ക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/12/2016 ലെ 994733/ആർ.എ 1-16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 23/08/2019 ലെ ദുരന്തനിവാരണ (എ) വകുപ്പ് പുറപ്പെടുവിച്ച സ.ഉ. (കൈ) നമ്പർ 25/2019/ഡി.എം.ഡി ഉത്തരവിൽ പ്രസ്തുത സ്ഥലം ദുരന്ത സാദ്ധ്യതാമേഖലയിൽ ആണെന്ന് ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയോ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**